19 (*345) ജപ്പാനിലെ ഒ.ഇ.സി.എഫ്. സഹായത്തോടെ ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാനിലെ ഒ.ഇ.സി.എഫ്. സഹായത്തോടെ സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏതെല്ലാം സ്ഥലങ്ങളിലെ കുടിവെള്ള പ്രശ്നത്തിനാണ് പരിഹാരം കാണാൻ കഴിയുകയെന്ന് അറിയിക്കാമോ;

(ഡി) ഇപ്പോൾ എത്ര ഗ്രാമീണ-നഗര കുടിവെള്ള പദ്ധതികളുടെ പണിയാണ് നടന്നുവരുന്നത്; ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഇ) രണ്ടായിരാമാണ്ടിൽ സംസ്ഥാനത്തെ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി.രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ജപ്പാനിലെ ഒ.ഇ.സി.എഫിന്റെ ധനസഹായത്തോടെ താഴെപ്പറയുന്ന അഞ്ച് ശുദ്ധജലവിതരണ പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു പദ്ധതി കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണപദ്ധതി.

2) കൊല്ലം ജില്ലയിലെ മീനാടും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

3) ആലപ്പുഴ ജില്ലയിലെ ചേർത്തലയും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

4) കോഴിക്കോട് നഗരത്തിലെ ശുദ്ധജലവിതരണ പദ്ധതി.

5) കണ്ണൂർ ജില്ലയിലെ പട്ടുവവും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ആകെ മതിപ്പ് ചെലവ് 1787.45 കോടി രൂപയാണ്. ഇതിൽ ജപ്പാനിലെ ഒ.ഇ.സി.എഫിൽ നിന്നും ലഭ്യമാകുന്ന വായ്പത്തുക 1519.38 കോടി രൂപയാണ്. ഈ പദ്ധതി മുഖേന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ 49 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കും.

(സി) തിരുവനന്തപുരം നഗരത്തിലേയും സമീപ പഞ്ചായത്തുകളായ ആറ്റിപ്ര, ചെട്ടിവിളാകം, കടകംപള്ളി, ശ്രീകാര്യം, ഉള്ളൂർ, വട്ടിയൂർക്കാവ് എന്നീ പ്രദേശങ്ങൾക്കും, കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപത്തുള്ള 18 ഗ്രാമങ്ങൾക്കും, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപത്തുള്ള ആറ് സെൻസസ് ടൗണുകൾക്കും, 14 ഗ്രാമങ്ങൾക്കും,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നഗരത്തിനും സമീപത്തുള്ള 16 ഗ്രാമങ്ങൾക്കും, കണ്ണൂർ ജില്ലയിലെ പട്ടുവം ഉൾപ്പെടെ 10 വില്ലേജുകൾക്കും തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും, ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(ഡി) സംസ്ഥാനത്ത് നിലവിൽ 158 മേജർ ഗ്രാമീണ പദ്ധതികളുടെ 42 മേജർ നഗരശുദ്ധജല വിതരണ പദ്ധതികളുടേയും പണികളാണ് നടന്നുവരുന്നത്. സാധാരണയായി ശുദ്ധജലവിതരണ പദ്ധതികൾ അവയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 3-4 കൊല്ലംകൊണ്ടു പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടു തയ്യാറാക്കപ്പെടുന്നവയാണ്. പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഭൂമി ലഭിക്കുന്നതിൽ വരുന്ന കാലതാമസം, ധനാഗമനമാർഗ്ഗം, നിർമ്മാണ സാധനങ്ങൾ, പൈപ്പ് തുടങ്ങിയവ ലഭിക്കുന്നതിൽ വരുന്ന കാലതാമസം, ടെൻഡറുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവയെ ആശ്രയിച്ച് പദ്ധതിയുടെ പൂർത്തീകരണം നീണ്ടുപോകാറുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ വരുന്ന കാലതാമസങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 128 പദ്ധതികൾ "2000 മാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം" എന്ന പരിപാടിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 42 പദ്ധതികൾ പൂർണ്ണമായും 8 പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ഇ) അനുബന്ധമായി ചേർക്കുന്നു.†

20 (*346) ജലസേചനപദ്ധതികൾ നടപ്പിലാക്കുന്നതിനും വെള്ളക്കരം ചുമത്തുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നല്കുന്നതിനുള്ള നടപടി

ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനും അനുയോജ്യമായ തരത്തിൽ വെള്ളക്കരം ചുമത്തുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നല്കുന്ന നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

ജലസേചന പദ്ധതികളിൽനിന്ന് വെള്ളക്കരം ഈടാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്ന വ്യവസ്ഥകൾ ഒന്നുംതന്നെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിൽ ഇപ്പോൾ നിലവിലില്ല. എന്നാൽ, 1999-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലെ (1999-ലെ 13-ാം ആക്ട്) സെക്ഷൻ 234 സി പ്രകാരം ഒരു പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ ജല വിതരണ പദ്ധതി തയ്യാറാക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും അതാത്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly